MR. MANNAR GOPALAN NAIR (*Thiruvalla I—General*) : ഫാക്ടറിക്കുള്ള കാൺട്രാക്ടു് കൊടുക്കുമ്പോഴെങ്കിലും ഗവണ്മെൻറു് ഇതിനെക്കുറിച്ചു ശ്രദ്ധിക്കുമോ?

HON'BLE MR. G. RAMACHANDRAN : നിശ്ചയമായും.

MR. K. R. ELANKATH (*Trivandrum IV—General*) : കാൺട്രാക്ടറും സ്ഥലവുമായി എന്തെങ്കിലും ബന്ധമുണ്ടോ?

HON'BLE MR. G. RAMACHANDRAN : എക്സൈസ് കമ്മിഷണറോടു ചോദിച്ചതിൽ ഷാപ്പു് ഇന്ന സ്ഥലത്തു നടത്തുമെന്നുള്ള ഒരു ധാരണയിലാണു് കാൺട്രാക്ടു് കൊടുക്കുന്നതെന്നു പറയുന്നു.

MR. ABDUL AZIZ (*Trivandrum I—Muslim Reserved*) : കള്ളുഷാപ്പു് അവിടെ വേണ്ടായെന്നു വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ?

HON'BLE MR. G. RAMACHANDRAN : കള്ളുഷാപ്പെന്ന പേരിൽ വേണ്ടാ എന്നു നിവേദനം കിട്ടിയിട്ടില്ല.

MR. MOHAMMED MUSTAFA (*Pathanapuram Muslim Reserved*) : പൊതുസ്ഥാപനങ്ങളുടെ അടുത്തു കള്ളുഷാപ്പു് പാടില്ലെന്നു വ്യവസ്ഥയുണ്ടോ?

HON'BLE MR. G. RAMACHANDRAN : ഉണ്ടു്.

അവശസമുദായവും ഭൂമിപതിവും.

40. MR. T. T. KESAVAN SASTRI : കന്നുത്തുനാടുതാലൂക്കിൽ അവശസമുദായക്കാക്കു സൗജന്യനിരക്കിൽ പതിച്ചുനൽകാൻ ഒഴിച്ചിടപ്പെട്ട സ്ഥലങ്ങൾ ഏതെല്ലാം പകുതികളിലെന്നും, ഏതെല്ലാം സർവ്വെനമ്പരുകളിൽ എത്രയെത്ര ഏക്കർ, സെൻറു വീതമെന്നും ഇതേവരെ പതിച്ചുനൽകിയിട്ടുള്ള ഭൂമികൾ എത്രയെന്നും പറയാൻ ദയവുണ്ടാകുമോ?

HON'BLE MR. G. RAMACHANDRAN : ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങളടങ്ങിയ ഒരു സ്റ്റേറ്റുമെൻറു് സെക്രട്ടറിയുടെ മേശപ്പുറത്തുവച്ചിട്ടുണ്ടു്.*

MR. T. T. KESAVAN SASTRI : അതുകൊണ്ടു് എത്രയേക്കർ സ്ഥലം സൗജന്യനിരക്കിൽ പതിച്ചുകൊടുത്തിട്ടുണ്ടെന്നു പറയുവാൻ ദയവുണ്ടാകുമോ?

HON'BLE MR. G. RAMACHANDRAN : ഫർൺ ഏക്കർ, ഫർൺ സെൻറു്.

MR. ABDUL AZIZ : അവശസമുദായങ്ങളിൽ അതെല്ലാം ഉൾപ്പെടുന്നു?

* *Vide* Appendix A.

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. G. RAMACHANDRAN : അതിനെസംബന്ധിച്ച് ഗവ ണ്മെൻറിൽനിന്ന് ഒരു പട്ടിക പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ആ പട്ടിക ഇപ്പോൾ കൈയിലില്ലാത്തതുകൊണ്ട് ഉടനെ മറുപടി പറയാൻ സാധ്യമല്ല.

MR. ABDUL AZIZ : അതു പിന്നോക്കസമുദായങ്ങളുടെ പട്ടിക യല്ലേ?

HON'BLE MR. G. RAMACHANDRAN : അതേ, അങ്ങിനെ വിചാരി ച്ചാണ് ഞാൻ പറഞ്ഞത്.

MR. ABDUL AZIZ : ഈ ചോദ്യം അവശസമുദായങ്ങളെ സംബ ന്ധിച്ചാണെന്ന് നോട്ടുചെയ്യുമോ?

HON'BLE MR. G. RAMACHANDRAN : ചെയ്യാം.

കോഴഞ്ചേരി പാലം.

41. MR. T. T. KESAVAN SASTRI : കോഴഞ്ചേരിപാലംപണി പൂർത്തി യാക്കാൻ മൊത്തം ആകെ എത്ര രൂപ ചെലവായിട്ടുണ്ടെന്നും, അതിൽ ഇരുമ്പ്, സിമൻറ് മുതലായ സാധനസാമഗ്രികൾക്കുവേണ്ടി ആകെ എത്ര രൂപ ചെലവായെന്നും മറ്റാനങ്ങൾക്കുവേണ്ടി ആകെ എത്ര രൂപാ ചെലവായെന്നും പറയാൻ മയവുണ്ടാകുമോ?

HON'BLE MR. A. ATCHUTHAN : കോഴഞ്ചേരിപ്പാലത്തെ സംബന്ധി ച്ചുള്ള കണക്കുകൾ പൂർത്തിയായിട്ടില്ല. കണക്കുകൾ തിട്ടപ്പെടുത്തിവരു കയാണ്. അതുകൊണ്ട് ശരിയായ കണക്കു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

MR. T. T. KESAVAN SASTRI : ആ പാലത്തിൻെറ പണി പൂർത്തിയാക്കാൻ എത്രകാലം വേണ്ടിവന്നു എന്നു പറയാമോ?

HON'BLE MR. A. ATCHUTHAN : നാലുകൊല്ലം വേണ്ടിവന്നു എ ന്നാണ് കാണുന്നതു്.

MR. PAUL THALIATH (*Parur III—General*): പാലത്തിൻെറ പണി എന്നു പൂർത്തിയായി എന്നു പറയാമോ?

HON'BLE MR. A. ATCHUTHAN : മൂന്നുമാസമായി.

LIBRARY ARCHIVES Kerala Legislative Assembly